വചനവിചിന്തനം 2010 ജൂൺ 13, ഞായർ.

ലൂക്കാ 6, 27 – 42

മലമുകളിൽ കയറി പ്രാർത്ഥിച്ച് ശിഷ്യരെ തിരഞ്ഞെടുത്ത് അവരെക്കൂട്ടി സമതലത്തിലേയ്ക്കിറങ്ങി വന്നിട്ട് കർത്താവ് നടത്തുന്ന പ്രബോധനമാണ് ഈ സുവിശേഷഭാഗം. വി. മത്തായി ഗിരിപ്രഭാഷണം എന്നു വിളിക്കുന്നത് വി. ലൂക്കായിൽ സമതലപ്രഭാഷണമാണ്. സ്വർഗ്ഗം വിട്ട് ഭൂമിയിൽ, സമതലത്തിൽ വന്ന് ഇവിടുത്തെ മനുഷ്യരോട് സ്വർഗ്ഗത്തിലെ വിശേഷം പങ്കുവയ്ക്കുകയായിരുന്നു ഈശോ. ജനസാമാന്യത്തെ മുന്നിൽക്കണ്ട് വേർതിരിവുകളില്ലാതെ എല്ലാവിഭാഗക്കാരേയും ഉദ്ദേശിച്ചുനടത്തിയ സുവിശേഷ രചനയുടെ മാനം വ്യക്തമാക്കുന്നു സമതലം തിരഞ്ഞെടുത്തതിലൂടെ.

ലൂക്കായുടെ സമതല പ്രഭാഷണത്തെ മൂന്നു ഭാഗങ്ങളായി തിരിക്കാം.

1. 6:20–26 (സുവിശേഷഭാഗ്യങ്ങൾ)
2. 6:27–38 (ശത്രുസ്നേഹം)
3. 6:39–49 (ശിഷ്യത്വത്തെ വിശദീകരിക്കുന്ന ഉപമകൾ)

ഇതിൽ രാജകീയ കല്പനയായ ശത്രുക്കളെ സ്നേഹിക്കുവിൻ, അന്യരെ വിധിക്കരുത് എന്നതും ശിഷ്യത്വത്തെ വിശദീകരിക്കുന്ന ഉപമയുമാണ് ഇന്നത്തെ വിചിന്തനത്തിനായി സഭാമാതാവ് നല്കിയിരിക്കുന്നത്. യേശുനാഥൻ ഉദ്ഘാടനം ചെയ്ത ദൈവരാജ്യത്തിൽ പ്രവേശിക്കാൻ അഥവാ ദൈവരാജ്യാനുഭവം സ്വന്തമാക്കാൻ അവശ്യം വേണ്ട മനോഭാവവും അനുവർത്തിക്കേണ്ട ജീവിതശൈലിയുമാണ് ഈ പ്രഭാഷണത്തിന്റെ മുഖ്യവിഷയം.

ക്രിസ്തീയ ധാർമ്മികത എന്തെങ്കിലും പോസിറ്റീവായി ചെയ്യുവാനും, എന്തെങ്കിലും കൂടുതലായി ചെയ്യുവാനും പ്രേരിപ്പിക്കുന്നതാണ്. എന്തെങ്കിലും നിയമം ലംഘിക്കാതിരിക്കാനല്ല യേശു തന്റെ ശിഷ്യരെ ഉപദേശിക്കുക, പിന്നെയോ സ്നേഹത്തിന്റെ പുതിയ നിയമം ശത്രുവിനെ സ്നേഹിക്കുവാൻ കല്പിക്കുകയാണവിടുന്ന്. അനുസരിക്കുന്നതിനുമുമ്പ് ഈ കല്പനയുടെ ആഴവും അർത്ഥവും നാം ഗ്രഹിക്കണം. ഗ്രീക്ക് പാരമ്പര്യത്തിൽ സ്നേഹത്തെ മൂന്ന് തരത്തിലും, മുന്ന് തലത്തിലും കണ്ടിരുന്നു. ഒന്നാമത്തേത് eran- കാമുകീ കാമുകന്മാരുടെ വൈകാരിക സ്നേഹം, രണ്ടാമത്തേത് philein-ബന്ധുക്കളും സുഹൃത്തുക്കളും തമ്മിലുള്ള ഹൃദയപൂർവ്വകമായ സ്നേഹം, മൂന്നാമത്തേതാകട്ടെ agapan- അഗാധമായ നിസ്വാർത്ഥ സ്നേഹം. ഹൃദയത്തിന്റേയും വികാരങ്ങളുടേയും തലങ്ങൾക്കപ്പുറം ഉച്ഛാശക്തിയുടെയും തീരുമാനത്തിന്റെയും തലത്തിലാണ് ഈ സ്നേഹം നിലകൊള്ളുന്നത്. ഇവിടെ സ്നേഹിക്കപ്പെടുന്ന വ്യക്തിയുടെ യോഗ്യതകളോ, ആ വ്യക്തിക്ക് എന്നോടുള്ള താല്പര്യമോ ബന്ധമോ ഒന്നും പരിഗണിക്കുന്നില്ല. യോഗ്യതകളും, അവകാശങ്ങളും പരിഗണിക്കാതെ ഒരു വ്യക്തിയുടെ ആത്യന്തികമായ നന്മമാത്രം ആഗ്രഹിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യാൻ എടുക്കുന്ന തീരുമാനമാണ് agapan എന്ന പദത്തിലൂടെ അവതരിപ്പിക്കുന്ന സ്നേഹം.

പത്തൊമ്പതാം നൂറ്റാണ്ടിൽ ന്യൂസിലാന്റിലെ ഗോത്രവർഗ്ഗക്കാർക്ക് ബ്രിട്ടീഷ് സേനയുമായി പലപ്പോഴും ഏറ്റുമുട്ടേണ്ടി വന്നിട്ടുണ്ട്. ഒരു ദിവസം ഘോരമായ സംഘട്ടത്തിനു ശേഷം ക്യാപ്റ്റനായ കാമറൂണിന്റെ നേതൃത്വത്തിൽ വൈക്കാട്ടോ നദിക്കു സമീപം അവർ

വിശ്രമിക്കുകയായിരുന്നു. ഭക്ഷിക്കുവാനും കുടിക്കുവാനും ഒന്നുമില്ല. മയോറിയുദ്ധക്കാർ ആക്രമിക്കുമോ എന്ന ആശങ്കയും. ശത്രുക്കളുടെ നീക്കങ്ങൾ ശ്രദ്ധിക്കാൻ നിയോഗിക്കപ്പെട്ടിരുന്ന പട്ടാളക്കാരൻ ശത്രുക്കൾ നദിയിലൂടെ വരുന്നുണ്ടെന്ന് അടയാളം കൊടുത്തു. കാമറൂണും കൂട്ടരും ആകെ പരിഭ്രാന്തരായി. അപ്പോഴേയ്ക്കും ശത്രുക്കപ്പൽ അവരുടെ അടുത്തെത്തി. ആ കപ്പൽ നിറയെ ആളുകളും ഉരുളക്കിഴങ്ങും ആയിരുന്നു. മയോറികൾ പറഞ്ഞു ശത്രുവിനു വിശക്കുന്നുവെങ്കിൽ ഭക്ഷിക്കുവാൻ കൊടുക്കുക എന്ന് ഞങ്ങളുടെ കൂടെയുള്ള മിഷനറിമാർ പറഞ്ഞതനുസരിച്ച് കൊണ്ടുവന്നതാണ് ഈ ഭക്ഷണ സാധനങ്ങൾ. സാധാരണഗതിയിൽ ശത്രുവിനെ മിത്രത്തെപ്പോലെ സ്നേഹിക്കാനാവില്ല. പക്ഷേ യേശുവിന്റെ കല്പനയിൽ ശത്രുസ്നേഹം ഓരോ ക്രിസ്തുശിഷ്യനിൽനിന്നും ആവശ്യപ്പെടുകയാണ്. യേശുവിന്റെ സ്നേഹം പ്രസക്തമാണ്. നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിക്കുന്നതിൽ എന്തുമേന്മയാണുള്ളത്? പാപികളും തങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നുണ്ടല്ലോ?(6,32)

കച്ചവടമായി നിലകൊള്ളുന്ന ലൗകീകവ്യാപാരങ്ങൾ ആത്മീയതയുടെ തലത്തിലേക്കുയരുന്നത് ശത്രുവിനെ സ്നേഹിക്കുമ്പോഴും പ്രതിഫലം പ്രതീക്ഷിക്കാതെ പ്രവർത്തിക്കുമ്പോഴുമാണ്. ദൈവമക്കളുടെ മുഖമുദ്രയാണ് ശത്രുസ്നേഹവും, നഷ്ടപ്പെടുത്തലും. നഷ്ടമാകുന്നതിൽ സന്തോഷിക്കുന്നു. നഷ്ടങ്ങളെ സന്തോഷത്തോടെ സ്വീകരിച്ച് ലാഭമാക്കിമാറ്റുന്നു.

"ശത്രുവും തൻ ഗൃഹേ വന്നാൽ വഴിപോൽ സത്ക്കരിക്കണം
മുറിക്കുന്നവനും വൃക്ഷം തണലേകുന്നില്ലയോ?" (കെ. സി. കേശവപിള്ള)

''മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അങ്ങനെതന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ''(6,31) ഇതാണ് സുവിശേഷം അവതരിപ്പിക്കുന്ന സുവർണ്ണ നിയമം. സുവിശേഷ നിയമം ഭാവാത്മകമാണ്. എന്തുചെയ്യരുത് എന്നതിനേക്കാൾ എന്തുചെയ്യണം എന്നു പഠിപ്പിക്കുന്നു. ഈ നിയമത്തിനു പ്രേരകമായി യേശു എടുത്തുകാട്ടുന്ന മാതൃകയാണ് കൂടുതൽ ശ്രദ്ധേയം. ''നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ'' പിതാവിന്റെ പരിപൂർണ്ണതയിൽ മനുഷ്യരായ മക്കൾ പങ്കുചേരുന്നത് കരുണയിലൂടെയാണ്. യോഗ്യതനോക്കാതെ കോരിച്ചൊരിയുന്ന കാരുണ്യത്തിൽ സ്നേഹത്തിന്റെ പൂർണ്ണത പ്രകടമാകുന്നു. നല്ലവരെയും, ദുഷ്ടരെയും ഒരുപോലെ സ്നേഹിക്കുന്ന, കരുണകാണിക്കുന്ന ദൈവത്തിന്റെ ഹൃദയവിശാലത അനുകരിക്കാനാണ് ഈശോ ക്രിസ്തുശിഷ്യരോട് ആവശ്യപ്പെടുന്നത്. ഇപ്രകാരം കരുണകാണിക്കുന്നതിലൂടെ ലഭിക്കുന്ന അനുഭവമാണ് ദൈവരാജ്യാനുഭവം. അപ്പോൾ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾ അത്യുന്നതന്റെ പുത്രന്മാരായിരിക്കുകയും ചെയ്യും(6,35).

അന്യരെ വിധിക്കാൻമാത്രം നല്ലവരായി ആരുമില്ല. അനുഭവിച്ചറിഞ്ഞതേ മറ്റുള്ളവർക്ക് കൈമാറാനാവൂ. പഠിച്ചതേ പഠിപ്പിക്കാനാവൂ. അതിനാൽ മറ്റുള്ളവരെ വിധിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യാതെ അവന്റെ സമീപം ചെന്ന് ആ വശത്തുകൂടി ചിന്തിക്കുകയും, കാര്യങ്ങൾ ഗ്രഹിക്കുകയും ആ വ്യക്തിയുടെ ജീവിതസാഹചര്യങ്ങൾ മനസ്സിലാക്കുകയും പോംവഴി കണ്ടെത്തുകയുമാണ് ചെയ്യേണ്ടത്. കൊടുക്കുന്ന കൈ ശേഖരിക്കുന്നു. മറ്റുള്ളവരോട് ഔദാര്യം കാണിക്കുന്നവന് ദൈവവും അമർത്തിക്കുലുക്കിക്കൊടുത്തുകൊണ്ട് ഔദാര്യം കാണിക്കും. അതോടൊപ്പം സ്വന്തം കുറവുകൾ മാറ്റാൻ ശ്രമിക്കുക. അപ്പോൾ അന്യന്റെ കുറവുകൾ കാണാൻ നമ്മുടെ കണ്ണുകൾക്ക് തുറവിയുണ്ടാകും. അപ്പോൾ മാത്രമേ ശത്രുവിനെ സ്നേഹിക്കാനാവൂ.

ഡീക്കൻ. ജെയ്സൻ പൊരിമറ്റത്തിൽ.